# PRE-MODEL EVALUATION - 2017

Time : 1½ hrs

Std. X **BIOLOGY** Total Score:40

*നിർദ്ദേശങ്ങൾ :-*

- *15 മിനിട്ട് 'കൂൾ ഓഫ് സമയം' ആണ്. ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കണം.*
- *ഓരോ ചോദ്യത്തിനുമുള്ള സ്കോർ അതാതു ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.*

1. ഗന്ധം എന്ന അനുഭവവുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ക്രമപ്പെടുത്തി എഴുതുക. 2
   a) ആവേഗങ്ങളുണ്ടാകുന്നു.
   b) ഗന്ധകണികകൾ ഉച്ഛ്വാസവായു വഴി മൂക്കിലേക്ക് പ്രവേശിക്കുന്നു.
   c) ഗന്ധകണികകൾ മൂക്കിനുള്ളിലെ ശ്ലേഷ്മത്തിൽ ലയിച്ച് ഗന്ധഗ്രാഹികളെ ഉദ്ദീപിപ്പിക്കുന്നു.
   d) ആവേഗങ്ങൾ സെറിബ്രത്തിലെത്തുന്നു.

2. പദജോഡി ബന്ധം മനസിലാക്കി വിട്ടഭാഗം പൂർത്തിയാക്കുക.
   a) ആക്സോണൈറ്റ് : ആവേഗങ്ങളെ സിനാപ്റ്റിക് നോബിൽ എത്തിക്കുന്നു.
   സിനാപ്റ്റിക് നോബ് : .............................................. 1
   b) ഇ.ഇ.ജി : മസ്തിഷ്കത്തിലെ വൈദ്യുതതരംഗങ്ങളെ രേഖപ്പെടുത്താൻ
   എം.ആർ.ഐ സ്കാനർ : .................................................... 1

3. ചിത്രം നിരീക്ഷിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.



   a) ചിത്രത്തിൽ സൂചിപ്പിക്കുന്ന പ്രവർത്തനമേത്? 1
   b) ഈ പ്രവർത്തനത്തിൽ പങ്കെടുക്കുന്ന ശ്വേതരക്താണുക്കൾ ഏവ? 1
   c) ഈ പ്രവർത്തനത്തിന്റെ ഘട്ടങ്ങൾ എഴുതുക. 2

4. ചുവടെ നൽകിയിരിക്കുന്ന ചിത്രീകരണം പൂർത്തിയാക്കുക. 2




5. ജനിതക എൻജിനീയറിങ്ങിന്റെ ദുരുപയോഗം എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാറിൽ മുന്നോട്ട് വയ്ക്കാവുന്ന ആശയങ്ങൾ എഴുതുക. 3

6. ചിത്രീകരണം നിരീക്ഷിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




jiniantonyv@gmail.com 9946899557

a) ചിത്രീകരണത്തിൽ സൂചിപ്പിക്കുന്ന ഹോർമോണും ഗ്രന്ഥിയും ഏവ? 1

b) രക്തത്തിലെ കാൽസ്യത്തിന്റെ അളവ് സാധാരണ നിലയിൽ ക്രമീകരിക്കപ്പെടുന്നതിന് നടക്കുന്ന പ്രവർത്തനങ്ങളേതെല്ലാം? 2

7. ഒരു നേത്രരോഗത്തിന്റെ ലക്ഷണമാണ് ചുവടെ നൽകിയിരിക്കുന്നത്.

ചുവപ്പും പച്ചയും നിറങ്ങൾ തിരിച്ചറിയാൻ കഴിയുന്നില്ല

a) രോഗമേത്? 1

b) രോഗകാരണം എന്ത്? 1

8. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

വാഴയിലെ കുറുനാമ്പ് രോഗത്തിന്റെ രോഗകാരി 1

a) വൈറസ് b) ബാക്ടീരിയ c) പ്രോട്ടോസോവ d) ഫംഗസ്

9. "പെൺകുഞ്ഞുങ്ങളുണ്ടാകാനാണ് സാധ്യത കൂടുതൽ." ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം ചിത്രീകരണ സഹായത്തോടെ വിശദീകരിക്കുക. 3

10. ഒറ്റപ്പെട്ടത് ഏത്? മറ്റുള്ളവയുടെ പൊതുപ്രത്യേകത എഴുതുക. 1

ചിക്കൻപോക്സ്, ടെറ്റനസ്, ക്ഷയം, സാർസ്

11. കീടനാശിനി തളിച്ചിട്ടും കീടങ്ങൾ മുഴുവനും നശിക്കുന്നില്ല. ഡാർവിന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരണം നൽകുക. 3

12. A കോളത്തിനനുസരിച്ച് B, C കോളങ്ങൾ ക്രമീകരിക്കുക. 3

| A ഹോർമോൺ | B ഗ്രന്ഥി | C ധർമം |
|---|---|---|
| i. വാസോപ്രസിൻ | a. പിറ്റ്യൂറ്ററി | 1. ഭ്രൂണത്തെ ഗർഭാശയത്തിൽ നിലനിറുത്തൽ |
| ii. പ്രോലാക്ടിൻ | b. അണ്ഡാശയം | 2. വൃക്കയിൽ ജലത്തിന്റെ പുനരാഗിരണത്തിന് സഹായിക്കുന്നു |
| iii. പ്രൊജസ്റ്ററോൺ | c. അഡ്രീനൽ | 3. ബീജോൽപ്പാദനം, ലൈംഗികാവയവങ്ങളുടെ വളർച്ച |
| | d. ഹൈപ്പോതലാമസ് | 4. മുലപ്പാൽ ഉൽപ്പാദനം |

13. ബോക്സിൽ നൽകിയിരിക്കുന്ന പദങ്ങളെ അനുയോജ്യ ജോടികളാക്കുക. 2

ജേക്കബ്സൺസ് ഓർഗൻ, പ്ലനേറിയ, പാർശ്വവര, പാമ്പ്, ഒമാറ്റീഡിയ, സ്രാവ്, ഐസ്പോട്ട്, ഈച്ച

14. ചിത്രീകരണം നിരീക്ഷിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




a) ചിത്രീകരണത്തിൽ സൂചിപ്പിക്കുന്ന രോഗാവസ്ഥയേത്?

b) ഈ രോഗം ശരീരത്തെ ബാധിക്കുന്നതെങ്ങനെ? 2

15. പട്ടിക വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

| ജീവി | മനുഷ്യനിലെ ഹീമോഗ്ലോബിനിലെ ബീറ്റാശൃംഖലയിലെ അമിനോആസിഡുകളിൽ നിന്നുള്ള വ്യത്യാസം |
|---|---|
| ചിമ്പാൻസി | വ്യത്യാസമില്ല |
| എലി | 31 അമിനോആസിഡുകൾ വ്യത്യാസപ്പെട്ടിരിക്കും |

a) ഇതിൽ നിന്നും എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാം ? 1

b) ന്യൂക്ലിയോടൈഡുകളുടെ മ്യൂട്ടേഷൻ നിരക്ക് പരിണാമപഠനങ്ങളെ സഹായിക്കുന്നതെങ്ങനെ? 2

16. ചിത്രം പകർത്തി വരച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 4




a) A, B സൂചിപ്പിക്കുന്ന ഭാഗങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുക.

b) C സൂചിപ്പിക്കുന്ന ഭാഗത്തിന്റെ ധർമം എഴുതുക.

jiniantonyv@gmail.com 9946899557